ACADEMIC MASTER PLAN

2025-2026

SDPY KPM HIGH SCHOOL

EDAVANAKAD
ERNAKULAM - 682502 PH: 0484 - 2506235
sdpykpmhs@gmail.com www.facebook.com/sdpykpmhs

Discover the exceptional resources and features that we offers to enhance student learning and development

1. SPC (Student Police Cadet)

Building leadership and discipline.

2. NCC (National Cadet Corps)

Training the youth in community service and defense

3. SCOUTS AND GUIDES

Promoting teamwork, skills, and service.

4.JUNIOR RED CROSS

Instilling humanitarian values.

5.LITTLE KITES

A platform for young tech enthusiasts.

6. SCIENCE LAB

Explore the world of experiments and innovations

7. IT LAB

Explore the world of experiments and innovations

8. SMART ROOM

Advanced smart classrooms for interactive learning.

9. LIBRARY

A treasure trove of knowledge for curious learners.

10. SCHOOL BUS

Safe and reliable transport for all students

ആമുഖം

ജില്ലയിലെ തന്നെ ആദ്യകാല സ്കൂളുകളിലൊന്നാണ് എറണാകുളം വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള വൈപ്പിൻ ഉപജില്ലയിൽ എടവനക്കാട് ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന എസ് ഡി പി വൈ കെ പി എം ഹൈസ്കൂൾ. 1937 മെയ് മാസം 31-ാം തീയതി എടവനക്കാട് ചെല്ലാമഠത്തിൽ കുമാരപ്പണിക്കരാണ് എൽ.എസ് എടവനക്കാട് എന്ന പേരിൽ സ്കൂൾ ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ പ്രൈമറി വിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് 1950 ൽ എച്ച്.എസ് എടവനക്കാട് എന്ന പേരിൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഏതാണ്ട് രണ്ട് ദശാബ്ദം മുമ്പ് വരെ ഷിഫ്റ്റ് സമ്പ്രദായമായിരുന്ന നിലനിന്നിരുന്നത്.

കുമാരപ്പണിക്കർ മെമ്മോറിയൽ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ വിദ്യാലയത്തിന്റെ സാരഥ്യം 2008 ഓടെ പള്ളുരുത്തിയിലെ ശ്രീധർമ്മ പരിപാലനയോഗം ഏറ്റെടുത്തതോടുകൂടി സ്കൂളിന്റെ പേര് എസ് ഡി പി വൈ കെ പി എം ഹൈസ്കൂൾ എന്നായി മാറി. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിപ്പോരുന്ന ശ്രീധർമ്മ പരിപാലന യോഗത്തിന് കീഴിൽ ഹെഡ്മിസ്ട്രസ് സി. രത്നകലയുടെ നേതൃത്വത്തിൽ സ്കൂൾ നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവരുന്നു . അഞ്ചു മുതൽ 10 വരെ ക്ലാസുകളിലായി ഏതാണ്ട് 1300 ഓളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം 87 വർഷമായി നാടിന്റെ അഭിമാനമായി നിലകൊള്ളുന്നു. ഹൈടെക് ക്ലാസ് റൂമുകൾ, മികച്ച സയൻസ് ലാബ്, ഐ ടി ലാബ് എന്നീ സൗകര്യം കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നു. എഴുപതിനു മേൽ വർഷങ്ങളായി സംഭരിച്ചു പോരുന്ന ഉത്തമ പുസ്തകങ്ങളുടെ ശേഖരം സ്കൂൾ ലൈബ്രറിക്ക് ഒരു മുതൽക്കൂട്ടാണ് . റഫറൻസിനുള്ള അവസരങ്ങൾ കുട്ടികൾക്ക് ഏറെ ഉപകാരപ്രദമാണ്.

എംഎൽഎ എസ്. ശർമ വൈപ്പിനിലെ സ്കൂളുകളിൽ നടപ്പിലാക്കിയ 'വെളിച്ചം' പദ്ധതിയിൽ 2019-20 വർഷം മൂന്നാം റണ്ണറപ്പായി എസ്ഡിപിവൈ കെപിഎം ഹൈസ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. മികച്ച പിടിഎ, ടീം വർക്ക് തുടങ്ങിയ അംഗീകാരങ്ങൾ ഈ വിദ്യാലയത്തിന് കൈവരിക്കാൻ സാധിച്ചു. 2023-24 അധ്യയന വർഷം വൈപ്പിൻകരയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയെഴുതിച്ച് 100% വിജയം വരിക്കുവാനും ഈ വിദ്യാലയത്തിന് സാധിച്ചു. അതിൽ 33 വിദ്യാർത്ഥികൾ ഫുൾ എ പ്ലസ് ഉം 19 പേർ എ ഗ്രേഡ് ഉം നേടി ഉന്നത വിജയം കരസ്ഥമാക്കി. കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ 2021 ലെ സഹചാരി അവാർഡ് എടവനക്കാട് എസ്ഡിപിവൈ കെപിഎം ഹൈസ്കൂളിന് ലഭിച്ചു. 2022 ലെ സ്കൂൾ കലോത്സവത്തിൽ ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ സ്കൂളിന് സാധിച്ചു.

വിദ്യാർത്ഥികളിൽ സേവനതത്പരതയും സാമൂഹ്യപ്രതിബദ്ധതയും വളർത്തുന്നതിനായി എസ്.പി.സി , എൻ.സി.സി, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ യൂണിറ്റുകൾ സ്കൂളിൽ പ്രവർത്തിച്ചു പോരുന്നു. വിദ്യാർഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനായി നിരവധി ക്ലബ്ബ് പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു, നേച്ചർ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, മാത് ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി, സംഗീത-കായിക- പ്രവർത്തി പരിചയ ക്ലബ്ബുകൾ, പൊതുവിജ്ഞാന ക്ലാസുകൾ, ഫുട്ബോൾ പരിശീലനം, സെപക് താക്രോ പരിശീലനം, ബാന്റ് പരിശീലനം, കരാട്ടെ പരിശീലനം, ബോധവത്ക്കരണ ക്ലാസുകൾ, ശില്പശാലകൾ, ദിനാചരണങ്ങൾ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, ലഹരി വിരുദ്ധ ക്ലബ്ബ്, ഫോറസ്റ്റ് ക്ലബ്ബ് തുടങ്ങിയവ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ഫുട്ബോൾ, ജൂഡോ, ബാഡ്മിന്റൺ, ചെസ്സ് തുടങ്ങിയ കായിക മേഖലകളിൽ വിദ്യാർത്ഥികൾക്ക് നാഷണൽ ലെവൽ അടക്കം മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2023- 24 വർഷത്തെ മികച്ച ഫോറസ്റ്റ് ക്ലബ്ബിനുള്ള അവാർഡ് ഈ വിദ്യാലയത്തിന് ലഭിച്ചു.

ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന എൻ.എം.എം.എസ് പരീക്ഷയ്ക്ക് വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകി പോരുന്നു. 2021 ൽ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ എൻ എം എം എസ് വിജയികളെ സൃഷ്ടിച്ച വിദ്യാലയങ്ങളിൽ ഒന്നാകാൻ ഈ വിദ്യാലയത്തിന് സാധിച്ചു. ശാസ്ത്രരംഗം, നാഷണൽ ടാലെന്റ് സർച്ച് എക്സാമിനേഷൻ വിജയികൾ, ഗിഫ്റ്റഡ് ചൈൽഡ് എന്നിവയും സ്കൂളിന്റെ അഭിമാന നേട്ടങ്ങളാണ്.

ഉള്ളടക്കം

❖ ക്ലബ്ബ്കളും മറ്റ് സൗകര്യങ്ങളും

❖ അക്കാദമിക മാസ്റ്റർ പ്ലാൻ

- മലയാളം 2
- സംസ്കൃതം 4
- അറബി 6
- ഇംഗ്ലീഷ് 7
- ഹിന്ദി 10
- സോഷ്യൽ സയൻസ് 14
- സയൻസ് 15
- ഗണിതം 24
- ഐ ടി 28

മാസ്റ്റർപ്ലാൻ

ആമുഖം

അക്കാദമികമായിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- വായനാ പ്രോത്സാഹനം-എല്ലാസ്ററാഫുകളുടെയും സഹായത്തോടെ മാസികകൾ. ആനുകാലികപ്രസിദ്ധീകരണങ്ങൾ വരുത്തു
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സർഗ വേളകൾ സംഘടിപ്പക്കൽ.* പഠന-പാഠ്യേതര പ്രവർത്തനങ്ങൾ -മികവുകൾ-സമൂഹത്തിൽ എത്തിക്കൽ. (ദിനാചരണങ്ങൾ,സെമിനാർ,കവിയരങ്ങ്,.....)
- സ്കൂൾ റേഡിയോ ക്ലബ് -കൃത്യനിഷ്ടയോടെ പ്രവർത്തിക്കും.
- ഫെയിസ് ബുക്ക്,സ്കൂൾ വിക്കി ,എന്നിവയുടെ ഉപയോഗം -സമൂഹത്തെ അറിയിക്കൽ,
- വിവിധ ക്ലബുകൾ വർഷാദ്യംതന്നെ രൂപീകരിക്കുന്നു
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ.
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സ്കൂൾ മാഗസീൻ തയ്യാറാക്കൽ.(it)
- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്.
- കരിയർ ഗൈഡൻസ് ക്ലാസുകൾ,പ്രദർശനങ്ങൾ.
- അഭിമുഖം,സംവാദങ്ങൾ.
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വ്യക്തികളുടെയും, സാമൂഹികസന്നദ്ധസംഘടനകളുടെ സഹായം.

മേഖല – ഹൈസ്കൂൾ – മലയാളം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ഭൗതീകം	ചുമതല
1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ	1. പ്രീ ടെസ്റ്റ് 2. അക്ഷരം ഉറപ്പിക്കൽ 3. അടയാളം ഉറപ്പിക്കൽ 4. അക്ഷര കാർഡ് നൽകൽ 5. വാക്കുകൾ എഴുതിയ കാർഡ് 6. വാക്കുകൾ നിർമ്മിക്കുക 7. വാക്യങ്ങൾ നിർമ്മിക്കൽ 8. ചിത്രം- അടിക്കുറിപ്പ് 9. ചിത്രം- കഥ എഴുതൽ 10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്	2 മാസം, (ആഗസ്ത്, സെപ്തംബർ)	പുസ്തകങ്ങൾ, ചിത്രങ്ങൾ	പി.ടി.എ, അധ്യാപകർ
2) കുട്ടിയെ മികച്ച വായനക്കാരനാക്കുക.	1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ 2. സ്കൂൾ ലൈബ്രറി നവീകരിക്കൽ 3. സമീപ ഗ്രന്ഥശാല അംഗത്വം 4. വായനോത്സവം സംഘടിപ്പിക്കൽ 5. പത്രവായന 6. പുസ്തക ചർച്ച 7. വായനാനുഭവം 8. വായനാക്കുറിപ്പ് പതിപ്പ് 9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം 10. ദിനാചരണം 11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം 12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും. 13. ആസ്വാദകരമായ വായന 14. ഇ- വായന	6 മാസം	ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ	പി.ടി.എ, അധ്യാപകർ

മേഖല – ഹൈസ്കൂൾ – മലയാളം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ഭൗതീകം	ചുമതല
3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക	1. എഴുത്തുകൂട്ടം രൂപീകരണം 2. പുസ്തക ചർച്ച 3. വായനക്കുറിപ്പ്, പതിപ്പ് 4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ 5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ 6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ 7. വ്യക്തിഗത രചന, സംഘ രചന 8. ഭാഷ പ്രോജക്ട് 9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം 10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി	6 മാസം	ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ	പി.ടി.എ, അധ്യാപകർ
4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക	1. പ്രസംഗ പരിശീലന കളരി 2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക 3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു. 4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക.	6 മാസം, (ജൂലൈ - ഡിസംബർ)	ഓഡിയോ, വീഡിയോ	ട്രൈയിനർ, അധ്യാപകർ

വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ

സംസ്കൃതം

പ്രതീക്ഷിത നേട്ടങ്ങൾ

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- സംസ്കൃത അക്ഷരപഠനം.
- അക്ഷരസ്പുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടും
- കഥ,കവിത ,എന്നിവ എഴുതാനും, പാടാനും ഉള്ള കഴിവുനേടും.
- ഭാഷാലാബ് നിർമാണം.
- ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികിട്ടുന്നു.

ക്രമസംഖ്യ	മേഖല	പ്രവർത്തനങ്ങൾ	കാലയളവ്	നിർവ്വഹണചുമതല	സാമ്പത്തികം	റിമാർക്സ്
1	കേൾവി	സംസ്കൃത കളരി സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കുന്നു അക്ഷര ഗാനം.സംഖ്യാ ഗാനം, സുഭാഷിതങ്ങൽ...) കൂടെ പാടിക്കുന്നു അക്ഷരശ്ലോക സദസ് ictസാധ്യത പരമാവതി പ്രയോഗിച്ച് പരമാവധി	1 month one year	Skt trs skt trs,students		

		കേശ്വിക്കുള്ള അവസരം ഒരുക്കുന്നു.				
2	എഴുത്ത്	എഴുത്ത് രീതി പരിചയപ്പെടുത്തുന്നു അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു.കുത്തുകള ് യോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു. ശബ്ദകോശം ചിത്രപദകോശം സംഖ്യാകോശം വാക്യരചന സംഭാഷണരചന പ്രശ്നവാചകപദങ്ങൾ എഴുതുന്നു	1 month one year	Skt trs		
3	വായന	ഭാഷാലാബ് നിർമ്മാണം പുസ്തകപരിചായനം കഥാകഥനം	One year	Trs.students		
4	അവതരണം	സംഭാഷണം നാടകാഭിനയം	One year			
5	ചിത്രീകരണം	വിവിധഡോക്യുമെന്ററികൾ നിർമ്മിക്കൽ	One year	Trs,students		

അക്കാദമിക മാസ്റ്റർ പ്ലാൻ അറബി

ലക്ഷ്യം	പ്രവർത്തനങ്ങൾ	സമയം	ഭൗതികം, പിന്തുണ
വായന കൂട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആവുക	അറബിക് ലൈബ്രറി അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു	ആറുമാസം ജൂൺ നവംബർ	സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ
എഴുത്ത് എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുക അറിവിൽ തിളക്കം അറബിയിൽ അറിവ് നേടുക	ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിവരങ്ങളും ഉൾക്കൊള്ളിച്ച് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു .	സെപ്റ്റംബർ നവംബർ	അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ
	മാസാന്ത ക്വിസ് കാർണിവൽ ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസ്സിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു കുട്ടികൾ ഉത്തരമെഴുതി പെട്ടിയിൽ നിക്ഷേപിക്കുന്നു.	ജൂൺ മുതൽ എല്ലാ മാസവും	അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, ബോക്സ്
ദിനാചരണങ്ങൾ ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു	നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു	എല്ലാമാസവും	സി ഡി , ടിവി പ്രൊജക്ടർ അധ്യാപകർ
അറബിക് ലാംഗ്വേജ് ലാബ്	തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യമുണ്ടാക്കുക	ഡിസംബർ ജനുവരി	സി ഡി ,കമ്പ്യൂട്ടർ ടിവി ,പ്രൊജക്ടർ, അധ്യാപകർ

ACADEMIC MASTER PLAN 2025-26- ENGLISH

AIM	ACTIVITY	DURATION	RESPONSIBILITY	FINANCE
*To improve the speaking skills and presentation skills of students in English	ENGLISH ASSEMBLY Presents everything in English	Weekly	English teachers	
*To improve the vocabulary *To learn the spelling of new words	DICTATION Given new words	Weekly	English teachers	
*To identify the difficult words, their meanings, opposites and pronunciation	WORD CARD PREPARATION Prepare a list of difficult words, find out their meanings, opposites, etc.	Monthly	English teachers	
*To improve reading skills To improve vocabulary To improve pronunciation	NEWS READING Find different news and present it in front of the class	Daily	English teachers	
*To improve public speaking skills To enhance voice modulation, expression and pronunciation To build confidence	DECLAMATION, ROLE PLAY, SKIT PUPPET SHOW	Monthly	English teachers	
*To improve	DIARY WRITING			

writing skills to improve sentence framing	Writes the daily activities in the diary briefing the happenings in school and home	Daily	English teachers	
*To get ideas about tense forms To improve reading To learn sentence construction To improve presentation skills	BOOK READING AND REVIEW WRITING Read simple stories	Monthly	English teachers	
*To understand voice modulation	RADIO PLAY Presents radio play	Monthly	English teachers	
*To promote the creativity	ENGLISH WALL MAGAZINE	Weekly	English teachers	
*To develop the creativity To give an opportunity for children who is interested in computer	DIGITAL MAGAZINE	Monthly	English club	
*To improve speaking skills To improve confidence	ELOCUTION ENGLISH RECITATION Conduct competitions	Monthly	English club	
*T o improve the	CHILDREN’S FILM	Yearly	English club	

leadership quality in arranging program To get an idea about the making of different films *To improve vocabulary *To develop communication skills To improve confidence	FEST SPELL BEE COMPETITION INTERVIEW WITH FAMOUS PERSONALITIES	Weekly Monthly	English teachers English club	

അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റുകളും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

STD:VIII		
ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	കാലം
അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുന്നു	അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു	ജൂൺ ജൂലൈ
ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു	ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു വർക്ക് സീറ്റുകൾ നൽകുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു	മധ്യകാലം ഓഗസ്റ്റ് സെപ്റ്റംബർ
ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൺ ചിത്രകല എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു	കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു ചിത്രകഥ കാർട്ടൺ ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു	ഡിസംബർ ജനുവരി

STD:IX		
ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	കാലം
ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു	വർക്ക് സീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു	ജൂൺ ജൂലൈ
നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു വാക്യഘടന പരിചയപ്പെടുത്തുന്നു ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ ആയി നൽകുന്നു	ചാർട്ടുകൾ നൽകുന്നു അതിൽനിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു	ഓഗസ്റ്റ് സെപ്റ്റംബർ
പോസ്റ്റർ തയ്യാറാക്കുവാനായി നൽകുന്നു കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനായി നൽകുന്നു	പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു	ഡിസംബർ നവംബർ

STD:X		
ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	കാലം
കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു	നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു	ജൂൺ ജൂലൈ
സാഹിത്യാഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു .കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു	പദ്യം ചൊല്ലൽ കഥ കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു	ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ
ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയായി മാറ്റുവാനും സ്വഭാവ സവിശേഷതകളിൽ കുറിപ്പ് തയ്യാറാക്കുവാനും ഡയറി തയ്യാറാക്കുവാനും നൽകുന്നു	പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു എല്ലാദിവസവും ഏറെ എഴുതുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു	നവംബർ ജനുവരി

അക്കാദമിക മാസ്റ്റർ പ്ലാൻ സാമൂഹ്യശാസ്ത്രം

ക്രമനം	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
1	സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുന്നത്	സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ കൗതുകം എന്നിവ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു	വർഷം മുഴുവൻ	സോഷ്യൽ സയൻസ് അധ്യാപകർ	പിടിഎ, മാനേജ്മെന്റ്
2	പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കുന്നതിന് സാമൂഹ്യ പരിഷ്കർത്താക്കൾ സ്വാതന്ത്ര്യസേനാനികൾ എന്നിവരെ പരിചയപ്പെടൽ	ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു സാമൂഹ്യ പരിഷ്കർത്താക്കൾ സ്വാതന്ത്ര്യസേനാനികൾ എന്നിവരുമായി അഭിമുഖം സംഘടിപ്പിക്കുന്നു	നിർദിഷ്ട ദിവസങ്ങളിൽ	സോഷ്യൽ സയൻസ് അധ്യാപകർ	പിടിഎ, മാനേജ്മെന്റ്
3	ഭൂപട വായന വളർത്തുന്നതിന്	ഭൂപട രചന , My Own Atlas എന്നിവ തയ്യാറാക്കുന്നു	വർഷം മുഴുവൻ	സോഷ്യൽ സയൻസ് അധ്യാപകർ	പിടിഎ, മാനേജ്മെന്റ്
4	പൊതുവിജ്ഞാനം വളർത്തുന്നതിന്	ക്വിസുകൾ സംവാദം എന്നിവ സംഘടിപ്പിക്കുന്നു	വർഷം മുഴുവൻ	സോഷ്യൽ സയൻസ് അധ്യാപകർ	
5	ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന്	പ്രധാന ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നു അസംബ്ലിയിൽ ഇവയുടെ പ്രാധാന്യം അവതരിപ്പിക്കൽ	നിർദിഷ്ട ദിവസങ്ങളിൽ	സോഷ്യൽ സയൻസ് അധ്യാപകർ	
6	ജനാധിപത്യം ജീവിതശൈലിയാക്കൾ പൗരബോധം മൂല്യബോധം എന്നിവ രൂപപ്പെടുത്തൽ	സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് മൂക്ക് പാർലമെന്റ് സംഘടിപ്പിക്കുന്നു പൗരബോധം, സാമൂഹ്യബോധം, മൂല്യബോധം, എന്നിവ വളർത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു	നിർദിഷ്ട ദിവസങ്ങളിൽ	സോഷ്യൽ സയൻസ് അധ്യാപകർ	

7	ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കൽ	ഭരണഘടനയുടെ പ്രാധാന്യം ആമുഖം മൗലികാവകാശങ്ങൾ മൗലിക കർത്തവ്യങ്ങൾ എന്നിവയെക്കുറിച്ച് അസംബ്ലിയിൽ അവതരിപ്പിക്കുന്നു	നിർദിഷ്ട ദിവസങ്ങളിൽ	സോഷ്യൽ സയൻസ് അധ്യാപകർ	
8	പരിസ്ഥിതി സംരക്ഷണം മണ്ണിനങ്ങൾ ജലാശയങ്ങൾ കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയുടെ പ്രാധാന്യം മനസ്സിലാക്കൽ	സ്കൂൾ സ്കൂൾ പരിസരം വൃത്തിയാക്കൽ മരങ്ങൾ വച്ചുപിടിപ്പിക്കൽ അവയുടെ പരിപാലനം വിവിധ പ്രകൃതി വിഭവങ്ങളെ കുറിച്ചും അവയുടെ സംരക്ഷണത്തെക്കുറിച്ചും അവബോധം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു	വർഷം മുഴുവൻ	സോഷ്യൽ സയൻസ് അധ്യാപകർ	

മേഖല – ഹൈസ്കൂൾ – സയൻസ്

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.	ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	പി.ടി.എ
	പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം.	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	
	ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു.	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	
2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു.	ക്ലാസുകളിൽ സെമിനാർ പേഷറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	പി.ടി.എ
	വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.	അക്കാദമിക വർഷം 1 തവണ	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്ബ്
	ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.	അക്കാദമിക വർഷം 1 തവണ	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്ബ്
3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക.	ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	പി.ടി.എ, മാനേജ്മെന്റ്
	സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു.	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	പി.ടി.എ, മാനേജ്മെന്റ്
4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.	കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	പി.ടി.എ, മാനേജ്മെന്റ്

ശാസ്ത്ര പഠനം (UP HS)

പ്രശ്നങ്ങൾ

- 8,9,10 കുട്ടികൾക്ക് പാഠ്യ പദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും ധാരണകളും മൂല്യങ്ങളും മനോഭാവങ്ങളും നേടുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.
- സമയക്കുറവ് മൂലം ഐസിടി അധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായി പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നില്ല
- ശാസ്ത്ര മനോഭാവം കുട്ടികളിൽ വളർത്താൻ കഴിയുന്നില്ല
- എല്ലാ കുട്ടികൾക്കും ശാസ്ത്ര പഠനത്തിന് ഉതകുന്ന രീതിയിലുള്ള ക്ലാസ് മുറികളുടെ അഭാവം
- പ്രാദേശിക ശാസ്ത്ര പ്രതിഭകളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല

പ്രശ്ന വിശകലനം

- അടിസ്ഥാന ആശയങ്ങളിൽ ധാരണക്കുറവ്
- ശാസ്ത്ര പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി
- പഠനാനുഭവങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല
- മാനസിക ശാരീരിക പ്രശ്നങ്ങൾ
- പാ ഠതരപ്രവർത്തനങ്ങൾ ഗൃഹപാഠം എന്നിവ ചെയ്യുന്നതിൽ വീടുകളിൽ ഉള്ള സാഹചര്യക്കുറവ്
- വ്യക്തിഗത ശ്രദ്ധയ്ക്കുള്ള സമയക്കുറവ് നിരന്തരം മൂല്യനിർണയം പ്രായോഗികം ആക്കുന്നതിൽ വൈഷമ്യം (ശാസ്ത്ര വിഷയങ്ങൾ മൂന്നും ഒരു അധ്യാപക കൈകാര്യം ചെയ്യുന്നു)
- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- രക്ഷിതാക്കളുടെ വിദ്യാഭ്യാസ കുറവ് കുട്ടികളുടെ കഴിവ് ശാരീരിക മാനസിക പ്രശ്നങ്ങൾ ഇവ വേണ്ട രീതിയിൽ തിരിച്ചറിയാൻ കഴിയുന്നില്ല
- രക്ഷിതാക്കൾക്ക് അധ്യാപകരുമായുള്ള ബന്ധം ശക്തമല്ല

പരിഹാര നിർദ്ദേശം

- താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ ആവശ്യം വരുമ്പോൾ നൽകാൻ അവസരം ഉണ്ടാക്കുക
- പഠനാനുഭവം നിത്യജീവിതവുമായി ബന്ധപ്പെടുത്തുവാൻ ഫീൽഡ് ട്രിപ്പ്
- ക്ലാസ് മുറികളിൽ സംഘപഠനം സാധ്യമാക്കുക
- CPTA, MPTA ഇവ ശക്തമാക്കുക
- കൗൺസിലിംഗ് മെഡിക്കൽ ചെക്കപ്പ് എന്നിവ നിശ്ചിത ഇടവേളകളിൽ നടത്തുക
- സ്കൂൾ ശാസ്ത്ര ക്ലബ് ഊർജ്ജിതമാക്കുക
- എല്ലാ ക്ലാസ് മുറികളിലും ശാസ്ത്ര പഠനത്തിന് ഉതകുന്ന രീതിയിൽ ക്രമീകരിക്കുക

പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര്: അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ

ഉപമേഖല: പരിഹാര ബോധനം

കാലം: ഹ്രസ്വകാലം

ക്രമനം	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
1	കുട്ടികൾക്ക് താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങളുടെ ധാരണ ഉറപ്പാക്കുന്നതിന്	താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു പ്രവർത്തന വിനിമയം മൂല്യനിർണയം ഫലം അവലോകനം SRG, Class PTA ഇവയിൽ അവതരണം	മെയ് അവസാന ആഴ്ച ജൂൺ 5 മുതൽ 30 വരെ ജൂലൈ 4 ജൂലൈ 7 ജൂലൈ 11	സയൻസ് ടീച്ചർ	

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്ര ക്ലബ്ബ്

ഉപമേഖല: ശാസ്ത്രാഭിരുചി

കാലം: ദീർഘകാലം

ക്രമനം	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
1	കുട്ടികൾക്ക് ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാക്കുക	ക്ലബ്ബ് പ്രവർത്തനങ്ങൾക്കുള്ള വാർഷിക കലണ്ടർ തയ്യാറാക്കൽ	മെയ്	സബ്ജറ്റ് കൗൺസിൽ സയൻസ് ടീച്ചർ	PTA
2	ഗവേഷണാത്മക പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കുക	പ്രവർത്തനങ്ങൾ കണ്ടെത്തൽ പട്ടികപ്പെടുത്തൽ	ജൂൺ ആദ്യ ആഴ്ച		
3		പ്രവർത്തനങ്ങൾക്കുള്ള സമയം കണ്ടെത്തൽ	ജൂൺ മൂന്നാമത്തെ ആഴ്ച		
4		വിദഗ്ധരെ കണ്ടെത്തൽ	ജൂലൈ ആദ്യ ആഴ്ച		
5		വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കൽ	വാർഷിക കലണ്ടർ പ്രകാരം		
6		ക്ലബ്ബ് അംഗങ്ങളുടെ പഠനയാത്ര			
7		ക്ലബ്ബ് പ്രവർത്തനങ്ങളുടെ അവലോകനം			

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്ര ലൈബ്രറി

ഉപമേഖല: പരിഹാര ബോധനം

കാലം: ദീർഘകാലം

ക്രമനം	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
	ലൈബ്രറിക്ക് വേണ്ട ശാസ്ത്ര പുസ്തകങ്ങളുടെ ശേഖരണം	**പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുക**	**മെയ്**	**സബ്ജക്ട് കൗൺസിൽ**	**SSK,PTA**
	പഠനോപകരണങ്ങളുടെ ശേഖരണം	ക്ലാസിൽ ഉണ്ടാകേണ്ട പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക	വാർഷിക കലണ്ടർ അനുസരിച്ച്	സയൻസ് ടീച്ചർ	
	കുട്ടികളിൽ ശാസ്ത്രാഭിരുചി ശാസ്ത്ര മനോഭാവം എന്നിവ വളർത്തുന്നതിന്	ശാസ്ത്ര ക്ലബ്ബിലെ അംഗങ്ങളെ സംഘടിപ്പിച്ച പുസ്തകങ്ങൾ സമാഹരിക്കൽ പഠനോപകരണങ്ങൾ സംഘടിപ്പിക്കുക			

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര്: ദിനാചരണങ്ങൾ

ഉപമേഖല: ശാസ്ത്രാഭിരുചി

കാലം: ദീർഘകാലം

ക്രമനം	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
1	ദിനാചരണങ്ങൾ	സ്കൂളുകളിൽ ആചരിക്കേണ്ട പ്രധാന ദിനങ്ങൾ പട്ടികപ്പെടുത്തൽ	മെയ്	സബ്ജറ്റ് കൗൺസിൽ സയൻസ് ടീച്ചർ	
2		ഓരോ ദിനത്തിനും ഉള്ള പ്രാധാന്യം അനുസരിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ	വാർഷിക കലണ്ടർ അനുസരിച്ച്		
3		റിപ്പോർട്ട് തയ്യാറാക്കൽ അവതരിപ്പിക്കാൻ	സമയാസമയങ്ങളിൽ		

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര്: ഗൃഹ സന്ദർശനം

ഉപമേഖല: വിദ്യാർഥികളെ അറിയുന്നതിന്

കാലം: ദീർഘകാലം

ക്രമനം	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
1	കുട്ടികളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്	ഗൃഹ സന്ദർശനം	ജൂലൈ ഓഗസ്റ്റ്	പിടിഎ ക്ലാസ് ടീച്ചർ	**PTA**
2		കൗൺസിലിംഗ്	ആവശ്യമുള്ള സന്ദർഭങ്ങളിൽ	സ്റ്റുഡൻസ് കൗൺസിലർ	
3		മെഡിക്കൽ ചെക്കപ്പ്	ഓരോ ടീമിലും ആരോഗ്യപ്രവർത്തകർ	പിടിഎ	
4		ബോധവൽക്കരണ ക്ലാസ്	ഓരോ ടേമിലും	സയൻസ് ടീച്ചർ പിടിഎ വിദഗ്ധർ	
5		അർഹരായവർക്ക് പ്രഭാത ഭക്ഷണം ഉച്ചഭക്ഷണം എന്നിവ ഉറപ്പാക്കാൻ	വർഷം മുഴുവനും	പിടിഎ സ്റ്റാഫ്	

Accademic Master Plan - Biology

	ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	പ്രതലം	ഫിനാൻസ്/സാങ്കേതികം
1	എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക	* പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം * പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം * ആശയ ധാരണകൾ ഉറപ്പിക്കൽ * പഠന പിന്നാക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ /ഒഴിവുദിന വിനിമയം	ജൂൺ മുതൽ	ശാസ്ത്രാധ്യാപകർ	SRG
2	ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും	* Science Club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും * Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം * സഹവാസ ക്യാമ്പ് (വിവിധങ്ങളായ ശാസ്ത്ര ക്ലാസ്സുകൾ, നിർമാണം)	ജൂൺ, വർഷത്തിൽ	അധ്യാപകർ, SRG Science Club	SMC, PTA Rs:- 5000
3	സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം	* വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ * ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജീകരിക്കൽ * ക്ലാസുകളിലേക്ക് എടുത്തു കൊണ്ടുപോകാവുന്ന mobile lab kit	ആദ്യ ടേം	ശാസ്ത്രാധ്യാപകർ, SSC	SSA, RMSA SRG SMC, PTA വഴിയും Rs:- 30000
4	അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ	* സ്കൂൾ കൃഷിസ്ഥലം പഴം - പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം * മൈക്രോവെജിറ്റബിൾ ഗാർഡൻ * ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി തന്നെ പാഠപുസ്തകം' ആയി മാറുന്നു.	ഒരു വർഷം	ശാസ്ത്രാധ്യാപകർ	കൃഷിവകുപ്പ് കർഷകർ, SMC, PTA
5	മാലിന്യമുക്ത – ആരോഗ്യ- ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം	* പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ് * കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യ പരിശോധന * ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് ഫുഡ്) * വിവിധ ഡിവിഷനുകളിൽ/വാർഡുകളിൽ ആരോഗ്യ സർവേ	അധ്യയന വർഷത്തിലുടനീളം	ശാസ്ത്രാധ്യാപകർ	ആരോഗ്യ വകുപ്പ് ICDS മുനിസിപ്പാലിറ്റി

6	ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം	* സ്കൂൾ ശാസ്ത്ര മേള * സ്കൂളിൽ ഒരു 'അനാട്ടമി പാർക്ക്' (മനുഷ്യ അവയവ വ്യവസ്ഥകൾ) * ശാസ്ത്രോപകരണ നിർമാണ ശില്പശാല . * ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം * ശാസ്ത്ര ക്വിസ്, ശാസ്ത്ര മാഗസിൻ (കൗമുകകരമായ പരീക്ഷണങ്ങൾ) * ബയോഗ്യാസ് പ്ലാന്റ്	ആദ്യ ടേം ഹ്രസ്വ കാലം	ശാസ്ത്രാധ്യാപകർ	വഴിയും SMC, PTA Rs:- 10,000
7	പ്രയാസമേറിയ ശാസ്ത്രപഠനഭാഗങ്ങൾ മനസ്സിലാകാനുതകുന്ന വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ	* ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു * സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ	ജൂലൈ	ശാസ്ത്രാധ്യാപകർ	വിഷയ സമിതി
8	ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര അഭിരുചിയുണർത്താനും	* ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക. * സ്പെഷലിസ്റ്റ് ശേഖരണം / നിർമാണം * ശാസ്ത്രപ്രതിഭകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ * ശാസ്ത്ര പഠനയാത്രകൾ (ISRO, CUSAT, കാർഷിക സർവ്വകലാശാലാ കേന്ദ്രങ്ങൾ, പ്ലാനറ്റേറിയം, അക്വാറിയം, Biodiversity പാർക്കുകൾ)	അധ്യയന വർഷത്തിലുടനീളം	ശാസ്ത്രാധ്യാപകർ	SMC, PTA SSA, RMSA, DIET Rs:- 25,000
9	ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം	* വാനനിരീക്ഷണവും ക്ലാസ്സും * ജ്യോതിശ്ശാസ്ത്രസങ്കൽപ്പങ്ങൾക്ക് ഉത്തരം ലഭിക്കുന്നതരം പഠന പ്രവർത്തനങ്ങൾ	ഡിസംബർ -ജനുവരി	ശാസ്ത്രാധ്യാപകർ	മുനിസിപ്പൽ ശാസ്ത്ര കേന്ദ്രം SMC, PTA
10	ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ	* പ്രതിഭകൾക്ക് പ്രത്യേക പരിശീലനം (ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു) * ശാസ്ത്ര വിഷയങ്ങളായുള്ള അഭിരുചിയും പാഠസംഭാവനയും * വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ * സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS, USS) പരിശീലനം	രണ്ടാം ടേമിൽ	ശാസ്ത്രാധ്യാപകർ	SRG Rs:- 6,000
11	ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യകൾ)	*പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനോ ആശയ വിനിമയത്തിനോ ഉപയോഗിക്കൽ.	എല്ലായ് പ്പോഴും	ശാസ്ത്രാധ്യാപകർ	SITC, JSITC KITE (IT@School) SCERT

എസ് ഡി പി വൈ കെപിഎം ഹൈസ്ക്കൂൾ

ഗണിതശാസ്ത്രം അക്കാദമിക മാസ്റ്റർ പ്ലാൻ



"So in English a double negative is bad, but in math it's *a positive*?"

ഗണിതശാസ്ത്രപഠനം

1. സംഖ്യകൾ എഴുതാനും കൃത്യമായി വായിക്കാനും സാധ്യമാക്കൽ
2. ചതുഷ് ക്രിയകൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കൽ
3. അടിസ്ഥാന ജ്യാമിതീയ രൂപങ്ങളായ വൃത്തം, ത്രികോണം, ചതുരം, ചതുർഭുജം, ബഹുഭുജങ്ങൾ എന്നിവയുടെ നിർമ്മിതി എളുപ്പമാക്കൽ
4. അടിസ്ഥാനഗണിതാശയങ്ങളിൽ പഠനവിടവുകളുണ്ടെങ്കിൽ അവ ഇല്ലാതാക്കൽ
5. ജ്യാമിതിയുടെ സൗന്ദര്യം കുട്ടികൾക്ക് ആസ്വദിക്കാനാവും വിധം ഐ.സി.ടി യുമായി ചേർത്ത് വെക്കൽ
6. ഗണിതസംബന്ധിയായ ജീവിതപ്രശ്നങ്ങളെപ്പോലും ബീജഗണിത സഹായത്തോടെ വിശകലനം ചെയ്യാനും പരിഹരിക്കാനും കുട്ടിയെ പ്രാപ്തമാക്കൽ

ക്രമ നമ്പർ	ലക്ഷ്യങ്ങൾ	പ്രവർത്തനം	കാല യളവ്	പിന്തുണ	റിസോഴ്സ്	ക്ലാസ്
1	പാഠപുസ്തക വിനിമയം, പഠനപുരോഗതി വിലയിരുത്തൽ	ജൂൺമാസത്തിൽ മുന്നറിവ് പരിശോധിക്കലും പഠനവിടവ് പരിഹരിക്കുകയും ചെയ്യുക. പാഠപുസ്തകം സംസാരിക്കുന്നത് കുട്ടിയോടാണെന്ന് ബോധ്യപ്പെടുത്തൽ, സ്വയം പ്രവർത്തനങ്ങൾ ചെയ്തു നോക്കാൻ താൽപര്യം ജനിപ്പിക്കൽ, അധിക ചോദ്യങ്ങൾ നൽകൽ, കൊച്ചു കൊച്ചു മൂല്യനിർണ്ണയങ്ങൾ	തുടർ പ്രവർ ത്തനം	സബ്ജക്ട് കൗൺ സിൽ, എസ്. ആർ.ജി	TB, HB, SB, Internet, Google quiz	5-10
2	ബൗദ്ധിക വളർച്ചയും ഗണിതവും (സെമിനാർ)	പ്രൈമറി ക്ലാസുകളിൽ ത്രികോണങ്ങളെക്കുറിച്ചും സംഖ്യകളെക്കുറിച്ചും പഠിപ്പിക്കുന്ന പാഠഭാഗങ്ങൾ കണ്ടെത്തുകയും അവയുടെ വികാസം സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്യുന്നു.	ആദ്യ പാദ പ്രവർ ത്തനം	സബ്ജക്ട് കൗൺ സിൽ	TB	5-8
3	മത്സരപരീക്ഷാ പരിശീലനം, ചിന്തയുടെ ഗണിതവൽക്കരണം	തല്പരരും യോഗ്യരായവരുമായ കുട്ടികളെ കണ്ടെത്തി യു, എസ്,എസ്, എൻ.എം.എം.എസ്, എൻ. ടി.എസ് ഇ പരീക്ഷാ സിലബസ്സുകൾക്കനുസരിച്ച് പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി പരിശീലിപ്പിക്കുന്നു.	മദ്ധ്യ പാദ ഘട്ടം മുതൽ	സബ്ജക്ട് കൗൺ സിൽ, എസ്. ആർ.ജി	Internet	7,8,10

4	ഗണിതതാൽപര്യം വളർത്തൽ, ചിന്തയുടെ ഗണിതവൽക്കരണം സജീവമാക്കൽ	അദ്ധ്യാപകരോ കുട്ടികളോ ഗണിതകടംകഥകൾ ക്ലാസുകളിൽ അവതരിഷിക്കണം. ഉത്തരങ്ങൾ തൊട്ടടുത്ത ദിവസം കണ്ടെത്തി വരുന്നു. ചർച്ചകൾ	ക്ലബ്ബ് പ്രവർത്തനം ആദ്യപാഠഘട്ടം മുതൽ	സബ്ജക്ട് കൗൺസിൽ,	Books Internet, From persons	5-10
5	അറിവുകളുടെ പ്രദർശനവും കൂടുതൽ പേരിൽ താല്പര്യം ജനിഷിക്കലും	മാത്തമാറ്റിക്സ് പാറ്റേണുകളുടെ നിർമ്മിതി മത്സരവും റൂബിക്സ് ക്യൂബ്, സുഡോക്കു മത്സരവും	ക്ലബ്ബ് പ്രവർത്തനം ആദ്യപാഠഘട്ടം മുതൽ	സബ്ജക്ട് കൗൺസിൽ,	Books Internet, From persons	5-10
6	എഞ്ചിനീയറിങ്ങ് എൻട്രൻസ് ലവലിൽ പാഠഭാഗങ്ങളെ മാറ്റൽ	പ്രധാനമായും പത്താം ക്ലാസുകാർക്കാണ് ഇത്. പാഠഭാഗങ്ങളെ ഒബ്ജക്ടീവ് മാതൃകയിലേക്ക് മാറ്റി നടത്തുന്ന പരീക്ഷകൾ കൊണ്ട് ആശയങ്ങൾ ഹൃദിസ്ഥമാക്കാനും കുട്ടികളെ എൻട്രൻസുകളിലേക്ക് ആകർഷിക്കാനും ഉപകരിക്കും.	ആദ്യ പാഠഘട്ടം മുതൽ	സബ്ജക്ട് കൗൺസിൽ,	Internet	10

7	ഗണിതശാസ്ത്ര ലാബ്, ലൈബ്രറി എന്നിവയുടെ വിപുലീകരണം.	കുട്ടികൾ ക്ലാസ് മുറികളിൽ സ്വായത്ത മാക്കിയ അറിവുകൾ നേരിട്ട് ചെയ്തു മനസ്സിലാക്കുന്നതിനും ഉറഷിക്കുന്നതിനും ഗണിതലാബ് സഹായിക്കുന്നു. തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങളുടെ തുടർച്ചയും വളർച്ചയും അറിയാനാഗ്രഹിക്കുന്ന കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ സഹായകമാകണം.	ആദ്യ പാദ ഘട്ടം മുതൽ	സബ്ജക്ട് കൗൺ സിൽ, എസ്. ആർ.ജി	Materials, Equipments, Books	5-10

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26ഐ സി ടി

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചെലവ്
1.വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ സ്മാർട്ട് ക്ലാസ് റൂം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഫലപ്രദമായ രീതിയിൽ ഉപയോഗം	വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു.	അക്കാദമിക വർഷം	
2.അനിമേഷൻ, വെബ് ഡിസൈനിങ്, പ്രസന്റേഷൻ,പ്രോഗ്രാമിങ്,ഡിജിറ്റൽ പെയിന്റിംഗ്,മലയാളം ടൈപ്പിംഗ് എന്നീ വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.	തെരെഞ്ഞെടുത്ത കുട്ടികൾക്ക് ഈ മേഖലകളിൽ പ്രത്യേക പരിശീലനം നൽകി അവരെ ഐ. ടി മേളകളിലും മറ്റും പങ്കെടുപ്പിക്കുന്നു.	അക്കാദമിക വർഷം	ഐ. ടി ക്ലബ്
3. ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ കുറിച്ചു വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക	മാറി മാറി വരുന്ന സാങ്കേതിക വിദ്യകളെ ക്കുറിച്ചും സൈബർ ദുരുപയോഗങ്ങളെക്കുറിച്ചും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു	അക്കാദമിക വർഷം	ഐ. ടി ക്ലബ്